# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ.189/2024 തിരുവനന്തപുരം, തീയതി: 21/08/2024

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2024-2025

### സപ്ലിമെന്ററി/ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനുമുള്ള അവസാന തീയതി 05.09.2024 വരെ ദീർഘിപ്പിച്ചിരിക്കുന്നു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ/യു.ഐ.ടി കോളേജുകളിലെ 2024-25 അധ്യയന വർഷത്തിലേക്കുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് സപ്ലിമെന്ററി/കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനുമുള്ള അവസാന തീയതി 2024 സെപ്റ്റംബർ 05 വരെ ദീർഘിപ്പിച്ചിരിക്കുന്നു. പുതുക്കിയ ഷെഡ്യൂൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾ (https://admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### സ്പോട്ട് അഡ്മിഷൻ – യു.ഐ.ടി. കുറവൻകോണം

കേരളസർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കുറവൻകോണം യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (യു.ഐ.ടി.) സെന്ററിൽ (2024-25 അധ്യയന വർഷം) ബി.എസ്സി. കമ്പ്യൂട്ടർ സയൻസ്, ബി.എസ്സി. ഇലക്ട്രോണിക്സ് എന്നീ നാല് വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് 2024 ആഗസ്റ്റ് 23 ന് കോളേജ്തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. താൽപ്പര്യമുള്ള വിദ്യാർത്ഥികൾ എല്ലാ അസ്സൽ രേഖകളുമായി (ടി.സി. ഉൾപ്പെടെയുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സഹിതം)അന്നേ ദിവസം രാവിലെ 10 മണിക്ക് മുൻപായി കുറവൻകോണം സെന്ററിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ അന്ന് തന്നെ ഫീസ് അടച്ച് അഡ്മിഷൻ ഉറപ്പ് വരുത്തേണ്ടതാണ്. ഫോൺ: **9400933461, 9446414660.**

### പരീക്ഷാഫലം

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് 2024 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.ടെക്. (2020 സ്കീം – റെഗുലർ – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2020 - 2022 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2024 ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ്, എം.എസ്‌സി. ഹോം സയൻസ് (ഫാമിലി റിസോഴ്സ് മാനേജ്മെന്റ്), എം.എസ്‌സി. ഹോം സയൻസ് (എക്സ്റ്റൻഷൻ എജ്യൂക്കേഷൻ), എം.എസ്‌സി. ഹോം സയൻസ് (ഫുഡ് ആന്റ് ന്യൂട്രീഷൻ) & എം.എസ്‌സി. ഹോം സയൻസ് (ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി വിദ്യാർത്ഥികൾ **exams.keralauniversity.ac.in** മുഖേനയും 2024 ആഗസ്റ്റ് 29 നകം ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ഹിന്ദി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എസ്‌സി. ജ്യോഗ്രഫി, കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി & പോളിമർ കെമിസ്ട്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2021 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾ **www.slcm.keralauniversity.ac.in** മുഖേനയും 2020 അഡ്മിഷൻ വിദ്യാർത്ഥികൾ **exams.keralauniversity.ac.in** മുഖേനയും 2024 ആഗസ്റ്റ് 27 നകം ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ വിജ്ഞാപനം ചെയ്ത മൂന്നാം സെമസ്റ്റർ ബി.വോക്. സോഫ്ട്വെയർ ഡെവലപ്മെന്റ് (351) ബി.വോക്. ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (352) ബി.വോക്. ഫുഡ് പ്രോസസ്സിംഗ് ആന്റ് മാനേജ്മെന്റ് (356) ബി.വോക്. ട്രാവൽ ആന്റ് ടൂറിസം (357) & ബി.വോക്. ഫുഡ് പ്രോസസ്സിംഗ് (359) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2024 ആഗസ്റ്റ് 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ. മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, ബി.എം.എസ്. ഹോട്ടൽ മാനേജ്മെന്റ് ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2024 ആഗസ്റ്റ് 29 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## CA മാർക്ക്, പ്രോജക്ട് അപ്‌ലോഡ് ചെയ്യേണ്ട അവസാന തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.എം.സി.ജെ./എം.എ.എച്ച്.ആർ.എം./ എം.ടി.ടി.എം. (ന്യൂജനറേഷൻ കോഴ്സ് ഉൾപ്പെടെ) ഡിഗ്രി പരീക്ഷയുടെ CA മാർക്ക് അപ്‌ലോഡ് ചെയ്യേണ്ട അവസാന തീയതി 2024 സെപ്റ്റംബർ 06 ലേക്കും പ്രോജക്ട് അപ്‌ലോഡ് ചെയ്യേണ്ട അവസാന തീയതി 2024 സെപ്റ്റംബർ 10 ലേക്കും പുനഃക്രമീകരിച്ചിരിക്കുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**